കാലത്തുണ്ടായ ഉയർച്ച പരിഗണിച്ചാൽ നിലവിലുള്ള പദ്ധതിത്തുകയായ 1,50,000 രൂപ കുറഞ്ഞത് 50 സെന്റ് കൃഷിക്കനുയോജ്യമായ ഭൂമി വാങ്ങുന്നതിന് ഇപ്പോൾ അപര്യാപ്തമാണെന്നതിനാൽ നിലവിലുള്ള പദ്ധതി തുകയിൽ വർദ്ധനവ് വരുത്തുന്നത് സംബന്ധിച്ച് പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

മലപ്പുറം മണ്ഡലത്തിൽ സ്വയം തൊഴിൽ വായ്പാ സഹായം

110 (5515) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യത്തിന് പിന്നോക്ക പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോവർഷവും മലപ്പുറം മണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ വഴിയും പിന്നോക്ക വികസന കോർപ്പറേഷൻ വഴിയും എത്ര രൂപയുടെ സ്വയം തൊഴിൽ വായ്പാ സഹായം നൽകി എന്ന് വ്യക്തമാക്കുമോ ; എത്ര പേർക്കാണ് നൽകിയത് ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും മലപ്പുറം മണ്ഡലത്തിൽ കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ വഴി നൽകിയ വായ്പാ തുക, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ ചുവടെ നൽകുന്നു :

വർഷം	ഗുണഭോക്താക്കളുടെ എണ്ണം	നൽകിയ വായ്പാ തുക (രൂപയിൽ)
2007-08	6	1,50,000
2008-09	14	6,30,000
2009-2010	9	2,87,000
2010-2011	2	50,000
ആകെ	31	11,17,000

കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ മലപ്പുറം മണ്ഡലത്തിൽ 536 ഗുണഭോക്താക്കൾക്കായി 347.18 ലക്ഷം രൂപ സ്വയംതൊഴിൽ വായ്പാ പദ്ധതി പ്രകാരം വിതരണം ചെയ്തിട്ടുണ്ട്. അവയുടെ വിശദാംശം ചുവടെ ചേർക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly

വർഷം	ഗുണഭോക്താക്കളുടെ എണ്ണം	നൽകിയ വായ്പാ തുക (ലക്ഷത്തിൽ)
2006-07	59	27.35
2007-08	98	62.88
2008-09	141	89.48
2009-2010	177	120.57
2010-2011	61	46.90
ആകെ	536	347.18

ഭൂരഹിത പട്ടികവർഗ്ഗക്കാരുടെ പുനരധിവാസം

111 (5516) ശ്രീ. എം. വി. ശ്രേയാംസ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികജാതിവികസനവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഭൂരഹിതരായ പട്ടികവർഗ്ഗക്കാരുടെ പുനരധിവാസത്തിനായുള്ള പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ ;

(ബി) പട്ടികവർഗ്ഗ വികസന വകുപ്പ് ഏത് ബഡ്ജറ്റ് ശീർഷകത്തിലാണ് പ്രസ്തുത പദ്ധതി ഉൾപ്പെടുത്തിയിട്ടുള്ളത് ;

(സി) പദ്ധതിക്കായി കഴിഞ്ഞ മൂന്നു വർഷങ്ങളിൽ ഓരോ വർഷവും വകയിരുത്തിയ തുക, ചെലവഴിച്ച തുക എന്നിവ എത്രയെന്ന് വ്യക്തമാക്കുമോ ;

(ഡി) വയനാട് ജില്ലയിൽ പ്രസ്തുത പദ്ധതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഭൂരഹിത ആദിവാസികളുടെ പുനരധിവാസത്തിനായി വിവിധ സർക്കാർ വകുപ്പുകൾ, ട്രൈബൽ മിഷൻ തുടങ്ങിയ സർക്കാർ ഏജൻസികൾ എന്നിവയുടെ ഏകോപനത്തോടെയും സഹകരണത്തോടെയും വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. ഭൂരഹിതരായ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഭൂമി നൽകുന്നതിന് പ്രധാനമായും ചുവടെ ചേർക്കുന്ന നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്.

(1) 2006-ലെ വനാവകാശ നിയമത്തിന്റെ അടിസ്ഥാനത്തിൽ വനഭൂമിയിൽ താമസിക്കുന്ന അർഹരായ ആദിവാസികൾക്ക് ഭൂമി നൽകുന്നതിനുള്ള സർവ്വേ നടപടികൾ ത്വരിതപ്പെടുത്തിവരുന്നു. സർവ്വേ പൂർത്തീകരിച്ച 24374 ക്ലെയിമുകളിലായി 8234 പേർക്ക് 9131.248 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്.

(2) ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ഭൂമി കണ്ടെത്തി വിതരണം ചെയ്തുവരുന്നു. മിഷൻ മുഖേന നാളിതുവരെ 6175 കുടുംബങ്ങൾക്കായി 8345.341 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly